/6113/2023

ചീഫ് ഹൈഡ്രോഗ്രാഫറുടെ കാര്യാലയം
ഹൈഡ്രോഗ്രാഫിക് സർവ്വേവിംഗ്
ആര്യൻകുഴി റോഡ്, കമലേശ്വരം
തിരുവനന്തപുരം 695 009
www.hsw.kerala.gov.in
ടെലിഫോൺ 0471 2967515/2456123
ഇമെയിൽ chhswkerala@gmail.com
chtvm.hsw@kerala.gov.in

തീയതി: 20/04/2023

നം.എ1- 299 - /2023/എച്ച്.എസ്.വിംഗ്

സർക്കുലർ

വിഷയം:- ഹൈഡ്രോഗ്രാഫിക് സർവ്വേ വിംഗ് – തിരുവനന്തപുരം – 2023-ലെ പൊതുസ്ഥലമാറ്റം അപേക്ഷകൾ ക്ഷണിക്കുന്നത് – സംബന്ധിച്ച്

സൂചന:- 1. ജി.ഒ(പി) നം.2/37/പി.ആന്റ്.ഡി തീയതി 01/06/1987 മറ്റ് അനുബന്ധ സർക്കാർ ഉത്തരവുകളും.
2. ജി.ഒ(പി) നമ്പർ 12/04/പി.ആന്റ് ഡി തീയ്യതി 10/09/2004
3. ജി.ഒ (പി) നമ്പർ 21/09/പി.ആന്റ് ഡി തീയതി 30/12/2009
4. ജി.ഒ(പി) 3/2017/ഉ.ഭ.പ.വ തീയതി 25/02/2017

*********

സർക്കാർ ജീവനക്കാരുടെ പൊതു പൊതുസ്ഥലമാറ്റത്തിനുള്ള സൂചന 4 ഉത്തരവിലെ പൊതുമാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ ഹൈഡ്രോഗ്രാഫിക് സർവ്വേ വിംഗിലെ സ്ഥിരം ജീവനക്കാരുടെ 2023-ലെ പൊതു സ്ഥലമാറ്റത്തിനായി അപേക്ഷകൾ ക്ഷണിക്കുന്നു. പൊതു സ്ഥലമാറ്റത്തിന് പരിഗണിക്കേണ്ട അപേക്ഷകൾ ഇതോടനുബന്ധിച്ച് മാതൃകയിൽ ഓഫീസ് മേലധികാരിയുടെ ശുപാശയോടുകൂടി 31/05/2023-നു മുമ്പ് ഹൈഡ്രോഗ്രാഫിക് സർവ്വേ വിംഗ് ചീഫ് ഹൈഡ്രോഗ്രാഫറുടെ ഓഫീസിൽ ലഭിമാക്കേണ്ടതാണ്. ഓഫീസ് മേലധികാരിയായിട്ടുള്ളവർ സമർപ്പിക്കുന്ന അപേക്ഷകൾ അവർ സ്വയം സാക്ഷ്യപ്പെടുത്തേണ്ടതാണ്. 31/05/2023 നു ശേഷം ലഭിക്കുന്ന അപേക്ഷകൾ പരിഗണിക്കുന്നതല്ല.

ഓഫീസ് മേലധികാരി മുഖേനയല്ലാതെ സമർപ്പിക്കുന്നതും മുൻകൂർ പകർപ്പായിലഭിക്കുന്നതുമായ പൊതുസ്ഥലമാറ്റത്തിനുള്ള അപേക്ഷകൾ നിരസിക്കുന്നതാണ്.

ഈ സർക്കുലറിലെ ഉള്ളടക്കം എല്ലാ ജീവനക്കാരുടേയും ശ്രദ്ധയിൽ രേഖാമൂലം കൊണ്ടുവരേണ്ടതും അപേക്ഷകൾ ഓരോ വിഭാഗത്തിനും പ്രത്യേകം ആമുഖ കത്ത് സഹിതം ഈ കാര്യാലയത്തിലേക്ക് അയച്ചുതരേണ്ടതുമാണ്. ആമുഖ കത്തിൽ ഈ സർക്കുലറിലെ അതാത് കാര്യാലയത്തിലെ എല്ലാ ജീവനക്കാരുടേയും ശ്രദ്ധയിൽ കൊണ്ടുവന്നിരുന്നു എന്ന വിവരം സാക്ഷ്യപ്പെടുത്തേണ്ടതാണ്.

Signed by
Gerosh Kumar V
ചീഫ് ഹൈഡ്രോഗ്രാഫർ
Date: 24-04-2023 11:32:00

1. എല്ലാ സബ് ഓഫീസ് മേധാവികൾക്കും ( ജീവനക്കാർക്ക് സർക്കുലേറ്റ് ചെയ്യുന്നതിനും നോട്ടീസ് ബോർഡിൽ പ്രദർശിപ്പിക്കുന്നതിനും)
2. ഹൈഡ്രോഗ്രാഫിക് സർവ്വേ വിംഗിലെ എല്ലാ ഓഫീസർമാർക്കും

സി, സെക്ഷൻ (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി).